
Vol. 2, Issue :10 Parish Bulletin October 2015

Stephanian

St. Stephens Indian Orthodox Congregation Kuwait



# മാധ്യമങ്ങളും ക്ഷുഭിത കൗമാരവും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

**3. നവമാധ്യമങ്ങൾ കൗമര മനസ്സുകളെ ബാധിക്കുന്നത് എങ്ങനെ?**

കൗമാരക്കാരിൽ നവ മാധ്യമ സ്വാധീനം അതി ശക്തമാണ്. ക്ഷുഭിത കൗമാരങ്ങളാണ് ഇവ് സൃഷ്ടിക്കുന്നത്. സാമൂഹിക മാധ്യമങ്ങളുടെ അമിത സ്വാധിനം കൗമാരക്കാരിൽ സാമൂഹിക ബന്ധങ്ങൾ വിച്ഛേദിക്കുവാൻ ഇടയാക്കുന്നു. പൊതുസമൂഹത്തിൽ നിന്നും ഒററപ്പെട്ട കൗമാരക്കാർ സാങ്കേതികമായ പരസ്പരാശ്രയ സംസ്ക്കാരത്തിൽ (Networking Culture) കണ്ണിയാകുന്നു. കൗമാരപ്രായത്തിൽ തന്നെ ഒററയാന്മാരും അണുപ്രേക്ഷകരുമാകുന്നു. ഇവർ ഒന്നിച്ചുള്ള ആഘോഷങ്ങളിൽ നിന്നും കൂട്ടയ്മകളിൽ നിന്നും അന്യമാകുന്നു. പുതുതലമുറ സംഘബോധവും സംഘാത്മകതയും നഷ്ടമാക്കി, അയഥാർത്ഥ പൊതുസമൂഹത്തിന്റെ ഭാഗമായപ്പോൾ (virtual public sphere) ദൈവിക ബന്ധങ്ങളും മനുഷ്യബന്ധങ്ങളും തിരസ്ക്കരിച്ചു. സന്മാർഗ്ഗിക മൂല്യവും സാമൂഹിക മാധ്യമങ്ങളുടെ അതിസംവേദനവും കൗമാര മാനസ്സുകളെ കീഴടക്കിയപ്പോൾ മാനസിക സംഘർഷങ്ങൾ പിൻതുടർന്ന് വേട്ടയാടുന്നു. ആഗോളവൽക്കരണം സൃഷ്ടിച്ച പുത്തൻ സാമ്പത്തിക ക്രമവും കമ്പോള സംസ്ക്കാരവും മാധ്യമ പശ്ചാത്തലവും കൗമാര ജീവിത സാഹചര്യങ്ങളെ സമഗ്രമായി മാററിമറിച്ചു. ഇത് ക്ഷുഭിത കൗമാരങ്ങൾ സൃഷ്ടിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

**4. മാധ്യമങ്ങൾ ലഹരിയായിതീരുന്നത് എങ്ങനെ?**

ഒരാളെ ആവശ്യത്തിലധികം സ്വാധീനിക്കുന്നതെന്തും ലഹരി ഗണത്തിൽ ഉൾപ്പെടും. ഇന്റെർ നെററിന്റെയും മൊബൈൽ ഫോണിന്റെയും അതിസ്വാധീനം കൗമാരക്കാരെ മാധ്യമ ലഹരിക്ക് അടിമയാക്കുന്നു. ഇവരിൽ ദ്വൈതഭാവവും കാണാം. വീട്ടിനുള്ളിൽ സുന്ദരനും സുന്ദരിയും. അനുസരണശീലം, ആദ്ധ്യാത്മിക ഭാവം, ശാന്ത സ്വഭാവം, എല്ലാം പ്രകടമാക്കും. എന്നാൽ ഇവർ വീട് വിട്ടാൽ മറെറാരു മുഖം. ലഭ്യമാകുന്ന അവസരവും സ്വാതന്ത്ര്യവും ആസ്വാദിക്കുവാനുള്ള അഭിവാഞ്ഛയാണ്. ആക്രമണം, മദ്യം, മയക്കുമരുന്ന്, ഇന്റെർനെററ് ലഹരി, ലൈംഗികത, അസന്മാർഗ്ഗികത എന്നിവയിലേക്ക് ആൺ പെൺ ഭേദമെന്യേ ചിലർ വഴുതി വീഴുന്നു. അക്രമാസക്തി പടർത്തുന്ന വീഡിയോ ഗെയിമുകൾ, ക്രൈം റിപ്പോർട്ടുകൾ, അശ്ലീല ഗാനരംഗങ്ങൾ എന്നിവ കൗമാരക്കാരെ പൊതുസമൂഹത്തിൽ നിന്നും ഉൾവലിക്കുന്നു. നവസംവേദന സംസ്ക്കാരം കൗമാരത്തെ ശാരീരികവും വൈകാരികവുമായി ക്ഷുഭിതമാക്കുന്നു.

അമിത സ്വാതന്ത്ര്യവും നവീന സാങ്കേതികതയിലുള്ള പരിജ്ഞാനവും യഥേഷ്ടം പണം വിനിയോഗിക്കുവാനുള്ള അവസരവും ഇത്തരം സാഹചര്യങ്ങൾക്ക് കരുത്ത് പകരുന്നു. ഇവ ആത്യന്തികമായി കൗമാരക്കാരിൽ ഉപഭോഗ സംസ്ക്കാരം സൃഷ്ടിക്കുന്നു. അന്ധമായ ആഗ്രഹവും ശരീര സൗന്ദര്യ വർദ്ധക വസ്തുക്കളിലുള്ള താല്പര്യവും സ്വാർത്ഥ മോഹങ്ങളും വളർത്തുന്നു. ആർഭാടവും സുഖലോലുപതയും ജീവിതത്തിന്റെ ഭാഗമാക്കുവാൻ ശ്രമിക്കുന്നു. ആക്രമണ സ്വഭാവം, ലൈംഗിക വൈകൃതം, അഴിമതി, അനീതി എന്നിവ കൗമാരത്തിൽ ഏററുവാങ്ങുന്നു. കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒററപ്പെട്ട് ഇന്റെനെററിനും ഫെയ്സ് ബുക്കിനും ഇരയായി തീരുന്നു. കുടുംബ ബന്ധങ്ങളോ സാമൂഹിക ചലനങ്ങളോ അറിയാതെ പോകുന്നു. ഇവർ ടെക്നോളജിയുടെ മുമ്പിലെ ഒററപ്പെട്ട സാന്നിധ്യമായിതീരുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കും. മനുഷ്യമഹത്വം, നീതി, സ്നേഹം, സാമൂഹിക പ്രതിബദ്ധത, ആത്മശിക്ഷണം തുടങ്ങിയവ മാധ്യമ ലഹരിക്ക് ഇരകളാകുന്നവർ മറന്നു പോകുന്നു. ഇവർ ഒരു മായികലോകത്തിന്റെ പ്രതിനിധികളായിത്തീരുന്നു. സ്വകാര്യതയിലേക്ക് ചേക്കേറുവാൻ ശ്രമിക്കുന്നതിനാൽ സാമൂഹിക ബന്ധങ്ങൾ വിഛേദിക്കുന്നു.

**5. മാധ്യമങ്ങളിലെ തെററും ശരിയും എങ്ങനെ തിരിച്ചറിയണം?**

കൗമാരക്കാരിൽ മാധ്യമങ്ങളുടെ സ്വാധീനം പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. ഗുണപരമായ അനന്തസാധ്യതകളാണ് ഗൂഗിൾ തുടങ്ങിയ ഇന്റർനെററ് സങ്കേതങ്ങൾ ഒരുക്കുന്നുത്. എന്നാൽ ചതിക്കുഴികൾ അനേകമാണ്. എന്തും കാണണം, എന്തു കേൾക്കണം എന്ന് തിരിച്ചറിയുവാനുള്ള പ്രജ്ഞ വേണം. അതിനുള്ള 'മാധ്യമ ബോധനം' സ്ക്കൂൾ-കോളേജ് തലത്തിൽ ഉണ്ടാകണം. മാധ്യമങ്ങളിലെ നന്മ തിന്മകൾ തിരിച്ചറിയുവാൻ പ്രാപ്തമാക്കുന്ന വിമർശന പാരായണവും വീക്ഷണവും വളർത്തണം. സാമൂഹിക ബന്ധങ്ങളിൽ സ്നേഹം, വാത്സല്യം, കരുതൽ, സൗഹൃദം എന്നിവ പരിപോഷിപ്പിക്കണം.

**Farewell to our Founder Vicar & Family**

The farewell meeting will be conducted after the Holy Qurbana on 9th Oct.

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**

Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**

Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**

**Holy Qurbana on 2nd Saturday (10-10-15) 7:00 am to 9:00 am (NECK South Tent)**

**Birthday & Wedding Anniversary** : The Vicar & parishoners extend blissful happy B'day & Wedding Anniversary wishes to all whose same marks on the month of October. (Special prayer is offered in Holy Qurbana for them.)

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.

*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*

**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**

**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**

*For private circulation only*

# Prayer Meeting Schedule for Oct.-2015


**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 02-10 | Mr. Noji P Mathew Vaidyan | Apsara Bazar Bldg. | Flr. 09 | Flat 66 | 97507356 |
| 09-10 | Mr. Felix Mammachen | Opp. Unique Store | 02 | 06 | 97248138 |
| 16-10 | Mr. Binoy P. Koshy | Address Bldg. | 09 | 41 | 99050310 |
| 23-10 | Mr. Issac Mathew | Oppo. Fresh mart, Near Highway center | 01 | 06 | 99654864 |
| 30-10 | Mr. Cheriyan Mathew | Swiss Clinic Building | 07 | 23 | 66803989 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 02-10 | Mr. John Varghese | Opposite to Euro Asia Travels | 05 | 19 | 97216503 |
| 16-10 | Mr. Suby George | Lulu Exchange Building | 10 | 30 | 97218267 |
| 23-10 | Mr. V.T. Varghese | Old Nafisi Building | 07 | 26 | 96001955 |
| 30-10 | Mr. Varghese Esso | Opposite to Al Razi Pharmacy 6th Bldg. | 06 | 23 | 99306522 |
| **St. Dionysius Prayer (Abbasiya) Sec: Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 02-10 | Mr. Alexander Y S | Oppo. Walk n Style | 01 | 07 | 99269450 |
| 09-10 | Mr. Joemon Joy | Al-Watan Stores Bldg. (Oppo. Chemmnur Jewellers) | 06 | 64 | 97596453 |
| 16-10 | Mr. Binoy K J | Near Teenage Fashions | 03 | 09 | 67077130 |
| 23-10 | Mrs. Jolly Thomas | Day Fresh Vegetable Shop | 04 | 16 | 66928929 |
| 30-10 | Mr. Jacob John | India Saree House Bldg. | 02 | 07 | 90909686 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 60034002 (Time - 5:30 pm)** | | | | | |
| 09-10 | Mr. Boban C Baby | Near Hada centre | 06 | 23 | 94423729 |
| 16-10 | Mr. Abin | Near Highland Super Market | 08 | 36 | 51077786 |
| 30-10 | Mr. Shaju John | Near Royal City Clinic | 02 | 05 | 66776676 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 09-10 | Mr. Stantley Jacob | Bldg # 09, Near Green Kart Veg. Shop, New Riggae | 03 | 12 | 96692597 |
| 30-10 | Mr. Shynu Philip | Bldg # 1, Opp. Riggae Plaza Rest., New Riggae | 05 | 18 | 69636775 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 16-10 | Mr. Joshy Cherian | 4th Bldg., Near 47 Gym. Mehaboulah | 04 | 16 | 66329163 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |
| 02-10 | Mr. Laji Joseph | Near Carmel School, Block 4, St:98, Bldg:99, | 06 | 60 | 99916457 |


happy birthday



Eva Elsa John



Mins Minu Varghese



Edwin Boban



Abiya Santhosh



Jino M Varghese




Rainu Susan Robin



Melvin Minu Varghese



Aneeta Y.



Immanuel Mathew Saju

HEARTFUL WISHES

നിങ്ങളോ, പ്രിയമുള്ളവരെ നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്ക് തന്നെ ആത്മീയവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെ തന്നെ സൂക്ഷിച്ചുകൊൾവിൻ (യൂദാ. 1 : 20,21)

കർത്താവിൽ പ്രിയരെ,

യൂദായുടെ ലേഖനം സാധാരണയായി ആരുടെയും ശ്രദ്ധയിൽ പെട്ടന്നു കടന്നു ചെല്ലാത്ത ഒരു ചെറിയ ലേഖനം ആണ്. എന്നാൽ ക്രിസ്തീയ വിശ്വാസത്തിന്റെ അന്തസത്ത മുഴുവനും ഉൾക്കൊള്ളിച്ചിരിക്കുന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ ഒരു പ്രബന്ധമാണിത്. പ്രാരംഭവാക്യങ്ങളിൽ നിന്ന് മനസ്സിലാകുന്നത് ഏതൊ ക്രിസ്തീയ സമൂഹത്തിൽ പെട്ടന്ന് സംഭവിച്ച അപകടസന്ധിയെ അഭിമുഖീകരിക്കുവാൻ പെട്ടന്ന് എടുത്ത ഒരു പ്രധിവിധിയാണ് ഈ ലേഖനം. നാലാം വാക്യത്തിൽ ആരോ നുഴഞ്ഞു കയറി വിശ്വാസത്യാഗത്തിനും ജീവിതവിശുദ്ധിയിൽ നിന്ന് അകന്നു പോകുന്നതിന് അനേകരെ വശത്താക്കിയതായും സൂചിപ്പിക്കുന്നു. ശരിയായ ജീവിത ദർശനത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുന്നതിന് കാരണമായ ദുരുപദേശങ്ങൾക്കും സ്വാധീന ങ്ങൾക്കും എതിരെ വിശ്വാസികളെ ഉണർത്തുക എന്നതായിരുന്നു ഈ ലേഖന ലക്ഷ്യം. വായനക്കാരുടെ അനുഭങ്ങളുടെയും മുൻകാല ചരിത്ര അനുഭങ്ങളുടെയും വെളിച്ചത്തിൽ ദുരുപദേശകർക്കും ദൈവത്തെ അനുസരിക്കാതെ വിശ്വാസം ത്യജിച്ചവർക്ക് ലഭിച്ച കഠിന ന്യായവിധിയെയും ഓർമ്മപ്പെടുത്തിക്കൊണ്ട് അതിവിശുദ്ധ വിശ്വാസത്തിൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകത ഈ വാക്യങ്ങളിലൂടെ വ്യക്തമാക്കുന്നു. അതിവിശുദ്ധ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതാണ് യഥാർത്ഥമായ നന്മയെന്നും, നന്മ പ്രമാണിക്കുന്ന മനുഷ്യൻ നിരന്തരമായി ദൈവത്തോട് ബന്ധം പുലർത്തുന്നവനാണന്നും ഈ ലേഖനം അടിവരയിട്ട് ഉറപ്പിക്കുന്നു. യഥാർത്ഥ ഭക്തി ദൈവത്തിലുള്ള പൂർണ്ണമായ ആശ്രയമാണ്. ഈ ആശ്രയത്തിന്റെ അനുഭവതലമാണ് പ്രാർത്ഥന. പ്രാർത്ഥനയെക്കുറിച്ച് മോഫ്റ്റ് എന്ന ദൈവശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നത്, ആവശ്യത്തിലായിരിക്കുന്ന സ്നേഹത്തിന്; ശക്തിയുടെ ഉറവിടമായ സ്നേഹത്തോടുള്ള നിലവിളിയാണ് പ്രാർത്ഥന (Prayer is love in need appealing to love in power). പ്രാർത്ഥിക്കുമ്പോൽ നാം രണ്ടു കാര്യങ്ങൾ ഓർത്തിരിക്കണം. 1. സകലവും ദൈവത്തിന്റെ വകയാണെന്നും അവന്റെ ഇഷ്ടപ്രകാരം നൽകുന്നതാണെന്നും അതിനാൽ ദൈവത്തിന്റെ അനുവാദത്തോടെയാണ് നാം അവന്റെ ദാനങ്ങൾ വിനിയോഗിക്കേണ്ടതുമെന്ന് എപ്പോഴും ഓർക്കുക. 2. നമ്മുടെ സ്വന്തം കഴിവിനാൽ ഒന്നും ചെയ്യുവാൻ സാധ്യമല്ലായെന്നും എന്നാൽ ദൈവസാന്നിധ്യത്താൽ നമുക്ക് ഒന്നും അസാധ്യമല്ലായെന്നുള്ള അടിയുറച്ച വിശ്വാസം എപ്പോഴും ഉണ്ടാകണം. ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ച് കഴിക്കുന്ന ഒരു ഭക്തന്റെ പ്രാർത്ഥനയിൽ ഇതും രണ്ടും ഉണ്ടാകും. പ്രാർത്ഥന എന്ന ചങ്ങല മുറിയാതെ അത് എപ്പോഴും ദൈവുമായി നമ്മെ ബന്ധിപ്പിക്കട്ടെ.

പ്രിയരെ, സർവ്വശക്തനായ ദൈവത്തിന്റെ അളവററ കൃപയാൽ ദൈവത്തിന്റെ നിയോഗവും, പരിശുദ്ധ സഭയുടെ തീരുമാനവും അനുസരിച്ച് ഈ ദേശത്തെ ശുശ്രൂഷ കാലയളവ് അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തിന് അളവററ നന്ദിയും, സ്തോത്രവും അർപ്പിക്കുന്നു. ഇവിടുത്തെ ശുശ്രൂഷ കാലയളവിൽ ഞാൻ എന്തു നേടി എന്നതിനല്ലല്ലോ പ്രസക്തി; എന്നെ അയച്ച സഭയ്ക്ക് എനിക്ക് എന്ത് നൽകുവാൻ കഴിഞ്ഞു എന്നതാണല്ലോ പ്രധാനം. ഈ കുവൈററ് ദേശത്തെ ശുശ്രൂഷ പൂർത്തീകരിച്ചു പോകുമ്പോൾ എന്റെ ദൈവത്തോട് എനിക്ക് ആഴമായ ബന്ധം സ്ഥാപിക്കുവാൻ ഇവിടുത്തെ അനുഭവങ്ങൾ മുഖാന്തരമാക്കി എന്നൊരു വലിയ സമ്പാദ്യം എനിക്ക് ഉണ്ട്. സഭയുടെ വിശ്വാസത്തിലേക്ക്, ആരാധനയിലേക്ക് അടുത്തുവരുവാൻ പലകാരണങ്ങളാലും മടിച്ചിരുന്ന അനേകരെ ദൈവത്തിനായി നേടുവാൻ കഴിഞ്ഞുവല്ലോ എന്ന വലിയ സന്തോഷം........ ദൈവം ഭരമേൽപ്പിക്കുന്നത് ദൈവത്തിനായി നിർവ്വഹിക്കുന്നു എന്നതിൽ കവിഞ്ഞ് അഭിമാനിക്കാൻ എനിക്ക് എന്ത്? ഈ ദേശത്തെ ശുശ്രൂഷ കാലയളവിൽ എന്നെയും കുടുംബത്തെയും ആത്മാർത്ഥമായി സ്നേഹിക്കുകയും, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും, ശുശ്രൂഷിച്ച ഇടവകകളുടെ അഭിവൃദ്ധിക്കുവേണ്ടി സാമ്പത്തികവും ശാരീരകവുമായി സഹായിക്കുകയും പ്രാർത്ഥനപൂർവ്വം സഹകരിക്കുകയും ചെയ്ത സ്നേഹനിധികളായ മലങ്കര സഭയുടെ മക്കളായ നിങ്ങൾക്കേവർക്കും എന്റെയും കുടുംബത്തിന്റെയും ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ. ഈ ഇടവക ഇതിന്റെ പുതിയ വികാരിയായ പ്രിയപ്പെട്ട സഞ്ജു ജോൺ അച്ചന്റെ നേതൃത്ത്വത്തിൽ കൂടുതൽ അഭിവൃദ്ധി പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ നമുക്ക് പരസ്പരം ഓർക്കാം......

സ്നേഹപൂർവ്വം,

നിങ്ങളുടെ സജു ഫിലിപ്പ് അച്ചൻ

# വാങ്ങിപ്പോയവരെ സ്മരിക്കുന്നത് വേദപുസ്തക വെളിച്ചത്തിൽ ഒരു പഠനം

### 1. വാങ്ങിപ്പോകുന്നവർ മൗനതയിൽ അല്ല.

a. വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 16–ാം ആദ്ധ്യായത്തിൽ 19 മുതൽ 31 വരെ വാക്യങ്ങളിൽ ധനവാന്റേയും ലാസറിന്റേയും ഉപമയിൽ പാതാളത്തിൽ കിടക്കുന്ന ധനവാൻ സംസാരിക്കുന്നതായും അബ്രഹാമിനെ തിരിച്ചറിഞ്ഞ് അപേക്ഷിക്കുന്നതായും കാണാം. മരിച്ചയാൾ പ്രാർത്ഥിക്കുന്നത് ഇവിടെ കാണുന്നു.

b. വിശുദ്ധ മത്തായി 17 : 1-8 വരെ താബോർ മലയിലെ സംഭവം വിവരിക്കുന്നു. അവിടെ മോശയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നു. നെബോ പർവ്വതത്തിൽ വച്ച് മോശ മരിച്ചു. യഹോവ തന്നെ മോശയെ അടക്കം ചെയ്തു. (ആവർത്തനം 34) ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. എന്നാൽ അനേകം വർഷങ്ങൾക്കുശേഷം, വാങ്ങിപ്പോയ ഇവർ യേശുവിനോട് സംസരിക്കുന്നു.

### 2. വാങ്ങിപ്പോകുന്നവർക്ക് ലോക സംഭവങ്ങൾ അറിയാം.

വിശുദ്ധ ലൂക്കോസ് 9:30-31 വായിച്ചാൽ തേജസ്സ്ക്കരിക്കപ്പെട്ട മോശയെയാണ് അവിടെ കാണുന്നത്. അവർ യേശുവിനോട് സംസാരിച്ചത് യെരുശലേമിൽ സംഭവിപ്പാനുള്ള നിര്യാണത്തെക്കുറിച്ചാണെന്ന് വ്യക്തമാക്കുന്നു. വാങ്ങിപ്പോയവർക്ക് ലോകത്തിൽ നടക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നു എന്ന് ഇവിടെ നിന്ന് നമുക്ക് ഗ്രഹിക്കാം.

### 3. വാങ്ങിപ്പോകുന്നവർ സ്വസ്ഥമായ അവസ്ഥയിൽ

1 ശമു. 28:5-15 വരെയുള്ള ഭാഗങ്ങളിൽ ശൗൽ വെളിച്ചപ്പാടത്തിയിലൂടെ മരിച്ചു പോയ ശമുവേലിനെ വിളിച്ചു വരുത്തുന്ന സംഭവം വിവരിക്കുന്നു.

15-ാം വാക്യത്തിൽ ശമുവേൽ ശൗലിനോട് ചോദിക്കുന്നു. നീ എന്നെ വിളിച്ചു വരുത്തിയതിനാൽ എന്റെ സ്വസ്ഥതയ്ക്ക് ഭംഗം വരുത്തിയിരിക്കുന്നു. വാങ്ങിപ്പോകുന്നവർ സ്വസ്ഥമായ അവസ്ഥയിൽ ദൈവത്തെ സ്തുതിച്ചു കഴിയുന്നു എന്ന് മനസ്സിലാക്കാം.

### 4. വാങ്ങിപ്പോകുന്നവർ സാക്ഷികളായി നിൽക്കുന്നു.

എബ്രായേർ 12:1 ആകയാൽ നാമും സാക്ഷികളുടെ ഇത്രവലിയ സമൂഹം നമുക്കും ചുററും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. ഇവിടെ സാക്ഷികളാരെന്ന് 11-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. വിശ്വാസവീരന്മാരായ ഹാബേൽ, ഹാനോക്ക്, അബ്രാഹം, ഇസഹാക്ക്, യാക്കോബ് ഇപ്താഹ്, ബാരക്ക്, ശിംശോൻ, ശമുവേൽ ആദിയായവരെല്ലാം പഴയ നിയമ കാലത്ത് ജീവിച്ചിരുന്നവരാണ്. ഹാനോക്ക് ഒഴികെ എല്ലാവരും മരിച്ചവരും ആണ്. അവർ പുതിയ നിയമകാലത്ത് എബ്രായാ ലേഖനം എഴുതുമ്പോഴും സാക്ഷികളായി ചുററും നിൽക്കുന്നു എന്നത്രെ എഴുതിയിരിക്കുന്നത്.

### 5. വാങ്ങിപ്പോകുന്നവർ സഭയ്ക്ക് ഇതരരാകുന്നില്ല.

വാങ്ങിപ്പോകുന്നവർ സഭയ്ക്കു പുറത്തല്ല സഭയ്ക്ക് ഉള്ളിലാണ്. ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോകുന്നവരും ചേരുന്നതാണ് സഭ. എഫെസ്യ ലേഖം 2:20-22 യേശു ക്രിസ്തു മൂലക്കല്ലും അപ്പോസ്തോലന്മാരും പ്രവാചകന്മാരും അടിസ്ഥാനകല്ലുകളുമായി പണിഞ്ഞിരിക്കുന്ന സഭയിൽ വിശ്വാസികളെല്ലാം കല്ലുകളാണ്. മരിച്ചുപോയ അപ്പോസ്തോലന്മാരും പ്രവാചകന്മാരുമാണ് ഇന്നും സഭയുടെ അടിസ്ഥാനം. മരണം കൊണ്ട് ആ സ്ഥാനത്തിനോ സഭയോടുള്ള ബന്ധത്തിനോ കോട്ടം വരുന്നില്ല.

### 6. ശാരീരിക മരണം കൊണ്ട് യേശുക്രിസ്തുവുമായുള്ള ബന്ധം മുറിയുന്നില്ല.

ഫിലിപ്യർ 1:23 വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകം വിട്ടുപിരിഞ്ഞാൽ വിശ്വാസികൾ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ കൂടുതൽ അടുക്കുകയാണ്. ലോകം, ജഡം, പിശാച് എന്നീ മൂന്നു ശത്രുക്കളാണ് മനുഷ്യരെ ദൈവത്തിൽ നിന്ന് അകററുന്നത്. മരണം മൂലം ലോകം, ജഡം ഇവ വിട്ട് പിരിയുന്നു. അതുകൊണ്ട് തന്നെ വിശ്വാസികൾ ക്രിസ്തുവുമായി കൂടുതൽ അടുക്കുന്നു. റോമർ 8:38ൽ പരിശുദ്ധനായ പൗലോസ്ശ്ലീഹാ പറയുന്നു. മരണത്തിനോ ജീവനോ..... മററ് യാതൊരു സൃഷ്ടിക്കോ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിപ്പാൻ കഴിയുകയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു. മരണം കൊണ്ട് യേശുവുമായുള്ള ബന്ധം മുറിയുന്നില്ല എന്നത്രെ അദ്ദേഹം പറഞ്ഞിരിക്കുന്നത്. സ്തേഫാനോസ്സഹദാ മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ യേശുക്രിസ്തു എഴുന്നേററു നിന്ന് അദ്ദേഹത്തെ സ്വീകരിക്കുന്നതായി കാണുന്നു. മാമോദീസായിലൂടെ ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേർക്കപ്പെടുന്ന വിശ്വാസിക്ക് മരണം കൊണ്ട് ആ ബന്ധം വേർപിരിയുന്നില്ല.

### 7. വാങ്ങിപ്പോകുന്ന വിശ്വാസികൾ പറുദീസായുടെ അനുഭവത്തിൽ

കർത്താവ് തന്നോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരിൽ തന്നെ വിശ്വസിച്ച് പ്രാർത്ഥിച്ച കള്ളനോട് ക്രൂശിൽ വെച്ച് പറഞ്ഞു. നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും. വാങ്ങിപ്പോകുന്ന വിശ്വാസി പറുദീസയുടെ അനുഭവത്തിലാണെന്ന് ഗ്രഹിക്കാം. പറുദീസാ ഒരു സ്ഥലമല്ല. ഒരു അനുഭവമാകുന്നു.

### 8.മരിച്ചവർക്കും വിശ്വസിപ്പാനും മാനസാന്തരപ്പെടാനും കഴിയും

1 പത്രൊ 4:6 യേശു മരിച്ചവരോട് സുവിശേഷം അറിയിച്ചതായി പറയുന്നു.

1 പത്രൊസ് 3:19 ആത്മാവിൽ യേശുക്രിസ്തു ചെന്ന് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു. നോഹയുടെ കാലത്ത് നോഹയുടെ പ്രസംഗത്തെ അവഗണിച്ച് നോഹയെ ഭ്രാന്തൻ എന്ന് വിളിച്ച് അധിക്ഷേപിച്ച് പെട്ടകത്തിൽ കയറാതെ അനുസരണം കെട്ട് മരിച്ച ആത്മാക്കൾ തടവിൽ ബന്ധിക്കപ്പെട്ടിരുന്നു. യേശുക്രിസ്തു ക്രൂശിൽ മരിച്ചശേഷം പാതാളത്തിൽ ആ ദുഷ്ടാത്മാക്കളോട് പ്രസംഗിച്ചു എന്ന് പത്രോസ് ശ്ലീഹാ എഴുതിയിരിക്കുന്നു. മരിച്ചുപോകുന്നവർക്ക് വിശ്വസിപ്പാനും മാനസാന്തരപ്പെടാനും സാധിക്കില്ലെങ്കിൽ യേശുക്രിസ്തു അവിടെ പ്രസംഗിച്ചതിന്റെ അർത്ഥം എന്ത്?.

### 9. വാങ്ങിപ്പോയവർക്ക് ഉയിർപ്പ് സാധ്യമാണ്

ലാസർ മരിച്ച 3 ദിവസം കഴിഞ്ഞ് യേശുക്രിസ്തു ലാസറിന്റെ ഭവനത്തിൽ ചെന്ന് ലാസറേ എന്നു വിളിച്ചു. ആ ശബ്ദം മരിച്ച ലാസർ കേട്ടോ? കേട്ടു. ജീവിച്ചെഴുന്നേററു. വിളിക്കാൻ അധികാരമുള്ളവർ വിളിച്ചാൽ എഴുന്നേൽക്കാൻ കഴിയുന്ന അവസ്ഥയിലാണ് മരിച്ചവരൊക്കെയും.

(തുടരും...)

# INTRODUCTION TO THE OLD TESTAMENT

### THE FOURTH BOOK OF MOSES COMMONLY CALLED NUMBERS

Of the books of the Pentateuch only the fourth is not known by a Greek title. The title of this book is a Hebrew title. The title "In the wilderness", would be more apt than "Numbers", which refers merely to the opening account of the numbering of the people. Actually, the census, along with instructions for encampment and for March, belongs to the larger theme of Israel's sojourn in the wilderness. Neither English nor Hebrew title gives an accurate indication of the contents of the book. On the one hand the numbering of the people occupies only a small part of the work and on the other, a mere indication of the place in which the recorded events took place does not disclose their true character.

"Numbers" is better regarded as a chapter heading in the book of the Pentateuch which was published to tell the epics story of God's constitution and calling of Israel to be His chosen people. The fourth chapter of this first "Zionist tract" professes to tell what took place while the Israelites were in the desert, in between Mount Sinai and Land of Promise.

Accordingly, the book falls into the following sections:

a) Preparations for departure from Sinai 1:1-10:10

b) The journey to Kadesh, from which point an abortive attack upon southern Canaan was made: 10:11-21:13.

c) The journey from Kadesh (via) – trans-Jordan for the purpose of approaching Canaan from the east 21:14-36:13.

Preparing for the Journey (1:1-10:10) - At Mount Sinai, the Israelites received specific directions for their life-style in the new land that God would give them. A census was taken and the second Passover was celebrated, marking one year of freedom from the slavery in Egypt. The people were now prepared to continue their journey to the Promised Land. Just as the Lord prepared the Israelites, He prepares us for our journey through life.

First approach to the Promised Land:-10:11-14:45 - As the Israelites approached the Promised Land, Moses sent leaders to spy out the land and its people. But the spies returned with a discouraging report. Only Joshua and Caleb wanted to proceed, but the Israelites had already made up their minds against the move and began to complain. As punishment for their lack of faith, God condemned them to wander in the desert fr 40 years. Our obedience must be complete and timely.

Wandering in the desert (15:1-21:35) - After their disobedience and unsuccessful attempt to enter the Promised Land, the Israelites are condemned to wander 40 years in the desert. Even in the midst of this punishment, the people continued to rebel and thus God continued to punish them. But the hearts of the people remained hard and rebellious. Hard hearts towards God may bring similar calamity to us.

Second approach to the Promised Land: - 22:1-36:13 - Now the old generation had died and a new generation stands poised at the border, ready to enter the Promised Land. Neighboring nations, however, cause Israel to begin worshiping other gods. Without the timely intervention of Moses, the nation would never have entered Canaan-we must never let down our guard in resisting sin.

As the "children" of Israel journeyed from the foot of Mount Sinai to the land of Canaan, they grumbled, whined and complained at every turn. They focused on their present discomforts. Faith had fled, and they added an extra 40 years to their trip. Numbers, which records the tragic story of Israel's disbelief, should server as a dramatic lesson for all of God's people. God loves us and wants the very best for us. He can and should be trusted. Numbers also gives a clear portrayal of the patients of God. As the book of Numbers begins, the nation of Israel was camped at the foot of Mount Sinai. The people had received God's law and were preparing to move. A census was taken to determine the number of men fit for military service. Next, the people were set apart for God. God was making the people both spiritually and physically ready, to receive their inheritance.

But then the complaining began. First, the people complained about the food. Next, it was over the authority of Moses. God punished some people but spared the nation because of the prayers of Moses. The nation then arrives at Kadesh, and spies were sent to Canaan to ascertain its strength. Ten returned with fearful stories of giants. Only Caleb and Joshua encouraged them to "go up and take possession of the land" (13:28). The minority report fell on deaf ears full of the ominous message of the majority. Because of their trust, God declared that the present generation wouldn't live to see the Promised Land. Thus the "wanderings" began. During these desert wanderings there was a continuous pattern of grumbling, defiance, discipline and death. How much better it would have been to have trusted God and entered His land? Then the terrible waiting began - waiting for old generation to die off and waiting to see if the new generation could faithfully obey God. Numbers ends as it begins, with preparation. This new generation of Israelites were numbered and sanctified. After defeating numerous armies, they settle on the east side of the Jordan River. Then they faced their greatest test to cross the river and possess the beautiful land God had promised them. Hence the lesson is clear that, God's people must trust him, moving ahead by faith, if they are to claim his Promised Land.

# കൂദാശകളുടെ അനുഷ്ഠാനം-ഒരു പഠനം

### വി. മൂറോനഭിഷേകം

മാമോദീസായും മൂറോനഭിഷേകവും ഏക കൂദാശയുടെ ഭാഗങ്ങളായിട്ടാണ് പൗരസ്ത്യ പാരമ്പര്യത്തിൽ മനസ്സിലാക്കുന്നത്. ഒന്ന്, യേശുക്രിസ്തുവിനോട് പ്രത്യേകം ബന്ധപ്പെടുത്തിയും മറേറത് പരിശുദ്ധാത്മാവിനോട് പ്രത്യേകം ബന്ധപ്പെടുത്തിയും അവയെ വേർതിരിക്കുന്നത് ശരിയായിരിക്കയില്ല. പാശ്ചാത്യ പാരമ്പര്യത്തിൽ ഇതുരണ്ടും വേറെ വേറെ കൂദാശകളായി കരുതപ്പെടുന്നു. മാമോദീസാ ഏൽക്കുന്ന ശിശുവിനു മൂറോൻ അഭിഷേകം നൽകുന്നതിനു സ്ഥിരീകരണം (Confirmation) എന്നാണ് പാശ്ചാത്യർ പറയുന്നത്. സാധാരണഗതിയിൽ കുട്ടിക്ക് പന്ത്രണ്ടോ പതിമൂന്നോ വയസ്സാകുമ്പോൾ മേൽപ്പട്ടക്കാരൻ തന്നെയാണ് സ്ഥിരീകരണം നടത്തുന്നത്. റോമൻ കാത്തോലിക്കാ സഭയിലും പല നവീകരണം സഭകളിലും ഇങ്ങനെയാണ്. സ്ഥിരീകരണത്തിനുശേഷമാണ് വി. കുർബാന കൊടുക്കുന്നത്.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ, മാമോദീസാ നല്കി മൂറാനഭിഷേകം നടത്തി ഉടൻതന്നെ വി. കുർബാനനുഭവത്തിൽ കുട്ടിയെ പങ്കാളിയാക്കുന്നു. ഇതായിരുന്നു പുരാതന സഭയുടെ രീതി. ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പഠനങ്ങളുടെയും മററും ഫലമായി, പുരാതനമായ ഓർത്തഡോക്സ് രീതിതന്നെയാണ് ശരിയായിട്ടുള്ളതെന്ന് പാശ്ചാത്യർക്കു മനസ്സിലായിട്ടുണ്ട്. ഇതു സ്വീകരികാനുള്ള താത്പര്യം പാശ്ചാത്യസഭകളിൽ കൂടിവരുന്നുണ്ട്.

### വി. തൈലം

മാമോദീസായിൽ വെള്ളം ഉപയോഗിക്കുന്നതുപോലെ മൂറോനഭിഷേകത്തിൽ വിശുദ്ധ തൈലം ഉപയോഗിക്കുന്നതിനു പുരാതനമായ പശ്ചാത്തലമുണ്ട്. പഴയനിയമത്തിൽ പുരോഹിതന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരെ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നതായി നാം കാണുന്നു. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവ് ഒരാൾക്കു നൽകപ്പെടുന്നതിനെ പരിശുദ്ധാത്മാവിന്റെ അഭിഷേകം എന്നാണല്ലോ പറയുന്നത് (1 യോഹ. 2:27; 2 കൊരി. 1:21; ലൂക്കോ 4:18). കർത്താവു പരിശുദ്ധത്മാവിനാൽ അഭിഷിക്തനാണെന്ന് സുവിശേഷം സാക്ഷിക്കുന്നു. പുരോഹിതനും രാജാവും പ്രവാചകനുമായ ക്രിസ്തുവിൽ നമ്മെ പങ്കാളികളാക്കുന്നതിനു വേണ്ടിയാണ് പരിശുദ്ധാത്മാവ് നമ്മെ അഭിഷേകം ചെയ്യുന്നത്.

ദീർഘമായ ഒരുക്കങ്ങൾക്കുശേഷം പ്രത്യേകമായി തയ്യാറാക്കപ്പെട്ടു വാഴ്ത്തപ്പെടുന്ന സുഗന്ധതൈലമാണ് അഭിഷേകത്തിന് ഉപയോഗിക്കുന്നത്. മാമോദീസാ യ്ക്കു മുമ്പായി വെള്ളത്തിൽ മൂറോൻതൈലം ഒഴിക്കുന്നുണ്ട്. അപ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇങ്ങനെയാണ്: ഈ മാമോദീസാ വെള്ളത്താൽ പഴയ മനുഷ്യൻ പുതുതാക്കപ്പെട്ടു നവീകരിക്കാൻ വേണ്ടി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമ ത്തിൽ പരിശുദ്ധമൂറോൻ ഇതിൽ ഞങ്ങൾ ഒഴിക്കുന്നു.

### വിശുദ്ധ മുദ്ര

മാമോദീസായ്ക്കുശേഷം മൂറോൻ കൊണ്ട് നെററിയിൽ മുദ്രയിടുക എന്നത് അതിപുരാതനമായ ആചാരമാണ്. മൂറോനഭിഷേകത്തിനു മുദ്ര (Seal) എന്നാണു സഭാപിതാക്കന്മാർ പറഞ്ഞുവന്നത്. ആട്ടിൻകൂട്ടങ്ങൾക്ക് അവയെ തിരിച്ചറിയാൻവേണ്ടി പ്രത്യേകം മുദ്രകൾ കുത്തുമായിരുന്നു. അതുപോലെ റോമൻ സൈന്യത്തിലെ ഭടന്മാർക്കു പ്രത്യേക രാജകീയ മുദ്രകൾ ശരീരത്തിൽ പതിച്ചുകൊടുക്കുമായിരുന്നു. യേശുക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തിലും തന്റെ സൈന്യത്തിലും അംഗമാകുന്നവർക്ക് മായ്ക്കാനാവാത്ത പരിശുദ്ധാത്മമുദ്ര നൽകുന്നതിനെ ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാം. മൂറോൻകൊണ്ടു മുദ്രയിടുന്നതിനു മുമ്പുള്ള മനോഹരമായ പ്രാർത്ഥനയിൽ ഇങ്ങനെ കാണുന്നു. കർത്താവേ, മാമോദീസായിലുള്ള വിശ്വാസം മൂലം നിന്റെ ഭടന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ നിന്റെ ദാസൻ ഈ പരിശുദ്ധമായ മുദ്രയും അടയാളവും നിന്റെ നാമത്തിൽ പ്രാപിക്കുമാറാകണമേ. ഈ മൂറോൻ തൈലത്താൽ സകലവിധ പരിമളവാസനകളാലും ഇവൻ നിറയുകയും പ്രതികൂല സൈന്യങ്ങൾക്കു കീഴടങ്ങാത്തവനായിരിത്തീരുകയും ചെയ്യേണമേ. ഇനി ഇവൻ ദുഷ്പ്രഭുക്കളയോ അന്ധകാരശക്തികളെയോ ഭയപ്പെടുവാനിടയാകാതെ നിന്റെ തേജസ്സിൽത്തന്നെ നടക്കുകയും പ്രകാശപുത്രനായിത്തീരുകയും നിന്നിൽക്കൂടി സഞ്ചരിച്ചുകൊണ്ടു തിരുസന്നിധിയിൽ എത്തിച്ചേരുകയും ചെയ്യേണമേ.

ക്രിസ്തു എന്ന വാക്കിന് അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണല്ലോ അർത്ഥം. നാമെല്ലാം അഭിഷേകം ചെയ്യപ്പെട്ടവരായതുകൊണ്ട് ക്രിസ്തുനാമം ധരിക്കുന്നു. ക്രിസ്തുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മസഹായത്താൽ ഉണ്ടാകേണ്ട ക്രിസ്തീകരണമാണ് മൂറോനഭിഷേകത്തിന്റെ കാതലായ സത്യം.